# മധുരമായ കുട്ടികളെ - നിങ്ങൾ ആത്മീയ സാമൂഹ്യ പ്രവർത്തകരാണ്, നിങ്ങൾക്ക് ഭാരതത്തെ സ്വർഗ്ഗമാക്കുന്നതിന്റെ സേവനം ചെയ്യണം, ദുഃഖധാമത്തെ സുഖധാമമാക്കണം

**ചോദ്യം:-** സംഗമത്തിൽ നിങ്ങൾ ബ്രാഹ്മണ കുട്ടികൾ ഏത് കാര്യത്തിലാണ് വളരെ വിദഗ്ദ്ധരായി തീരുന്നത്?
**ഉത്തരം:-** എല്ലാ മനുഷ്യാത്മാക്കളുടെയും മനോകാമനകൾ പൂർത്തിയാക്കുന്നതിൽ ഇപ്പോൾ നിങ്ങൾ വിദഗ്ദ്ധരാകുന്നു. മുക്തിയും ജീവിതമുക്തിയും നേടുക എന്നതാണ് മനുഷ്യരുടെ ആഗ്രഹം, അത് നിങ്ങൾക്ക് പൂർത്തീകരിക്കണം. നിങ്ങൾ എല്ലാവർക്കും ശാന്തിയിലേക്കുള്ള വഴി പറഞ്ഞ് കൊടുക്കുന്നു. ശാന്തി കാട്ടിലെവിടെയുമല്ല ലഭിക്കുക, എന്നാൽ ആത്മാവിന്റെ സ്വധർമ്മം തന്നെ ശാന്തിയാണ്. ശരീരത്തിൽ നിന്ന് വേറിട്ട് ബാബയെ ഓർമ്മിക്കൂ എങ്കിൽ സുഖ-ശാന്തിയുടെ സമ്പത്ത് ലഭിക്കും.

**ഗീതം:-** മുഖം നോക്കൂ പ്രാണീ.......

**ഓം ശാന്തി**. പരിധിയില്ലാത്ത ബാബ തന്റെ നഷ്ടപ്പെട്ട് തിരികെ ലഭിച്ച കുട്ടികൾക്ക് മനസ്സിലാക്കി തന്നുകൊണ്ടിരിക്കുന്നു. ഏത് കുട്ടികളാണോ ബാബയെ അറിഞ്ഞത് ബാബയുടെ ആശ്രയത്തിലേക്ക് വന്നത്, പ്രഭൂ നിന്നെ ശരണം പ്രാപിച്ചിരിക്കുന്നു എന്ന് പറയാറുണ്ട്. ആശ്രയം ലഭിക്കുന്നത് അപ്പോഴാണ് എപ്പോഴാണോ ബാബ വന്ന് കുട്ടികൾക്ക് മനസ്സിലാക്കി തരുന്നത്. ഭക്തർ ഭഗവാന്റെ ശരണത്തിലേക്ക് വരുന്നു എന്തുകൊണ്ടെന്നാൽ ഇവിടെ എല്ലാവരും ദുഃഖിതരാണ്. ഭാരതം ദുഃഖധാമമാണ്. പരസ്പരം ദുഃഖം നൽകിക്കൊണ്ടിരിക്കുന്നു. ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് നിങ്ങളുടെ ഇത് ഹംസ സഭയാണ്. ഇവിടെ പാവനമായ കുട്ടികൾക്കല്ലാതെ മറ്റാർക്കും വരാൻ സാധിക്കില്ല. ബാബ മനസ്സിലാക്കി തരുന്നു- കുട്ടികളേ, പാവനമായ ഭാരതത്തെ തന്നെയാണ് സുഖധാമം എന്ന് പറയുന്നത് മറ്റൊരു ഭൂഖണ്ഡത്തെയും സുഖധാമമെന്ന് പറയില്ല. ഭാരതം തന്നെയാണ് സുഖധാമവും ഭാരതം തന്നെയാണ് ദുഃഖധാമവുമാകുന്നത്. ഭാരതവാസി വളരെ ദുഃഖിതരാണ് എന്തുകൊണ്ടെന്നാൽ പതിതരാണ്. എന്നാൽ ഈ കാര്യം അവർക്ക് ആരും മനസ്സിലാക്കി കൊടുക്കുന്നില്ല. ബാബ മനസ്സിലാക്കി തരുന്നു - സന്യാസി പാവനമാണ്, വീടും-കുടുംബവും ഉപേക്ഷിക്കുന്നു, എന്നാൽ അവരും പാടുന്നു- പതിത-പാവന സീതാറാം...... ഇപ്പോൾ നിങ്ങൾ പതിത-പാവനനായ ബാബയുടെ അടുത്ത് വന്നിരിക്കുന്നു. ഇത് മുഴുവൻ ലോകത്തെയും പാവനമാക്കുന്ന ഒരേഒരു പരംപിതാ പരമാത്മാവാണ്. മനുഷ്യന് മനുഷ്യനെ പാവനമാക്കാൻ സാധിക്കില്ല. ഈ ലോകം തന്നെ പതിതമാണ്. ആരും തന്നെ പാവനമല്ല. അല്ലയോ പരംപിതാ പരമാത്മാ എന്ന് വിളിക്കുന്നു. പിന്നീട് സർവ്വവ്യാപിയെന്നും പറയുന്നു. ശിവോഹം, തതത്ത്വം. ഇപ്പോൾ പാവങ്ങൾ അച്ഛനെ മറന്നിരിക്കുന്നു. ഏതുപോലെയാണോ മനുഷ്യർ മദ്യം കുടിക്കുന്നത്, അതിലൂടെ അവരുടെ നാശമാണെങ്കിലും മദ്യത്തിലൂടെ തീർത്തും അവരുടെ ലഹരി ഉയരുന്നു. അതുപോലെ തന്നെ മനുഷ്യർക്ക് ഇത് മനസ്സിലാക്കാൻ സാധിക്കുന്നില്ല അതായത് ഈ വികാരം തന്നെയാണ് നമ്മളെ പതിതമാക്കുന്നത്, അതുകൊണ്ടാണ് സന്യാസിയും പാവനമാകുന്നതിന് വേണ്ടി വീടും-കുടുംബവും ഉപേക്ഷിക്കുന്നത്. എന്നാൽ അത് നിവൃത്തീ മാർഗ്ഗമാണ്. ഇവിടെ ബാബ വന്നിരിക്കുന്നു. അരകൽപമായി ദുഃഖിതരായിരിക്കുന്നവർ വന്ന് ശരണം പ്രാപിക്കുന്നു. ദുഃഖിയാക്കുന്നത് മായയാണ്. 5 വികാരങ്ങളുടെ മഹാരോഗികളാണ്. മനുഷ്യനെ രാവണൻ പൂർണ്ണമായും അസുരനാക്കിയിരിക്കുന്നു. എപ്പോഴാണോ പൂർണ്ണമായും ദുഃഖധാമമാകുന്നത്, അപ്പോഴാണ് ബാബ വന്ന് വീണ്ടും സുഖധാമം സ്ഥാപിക്കുന്നത്.

നിങ്ങളാണ് ആത്മീയ സാമൂഹിക സേവകർ. നിങ്ങളെ കൊണ്ട് ബാബ സേവനം ചെയ്യിക്കുന്നു - കുട്ടികളേ, നിങ്ങൾ ഈ ഭാരതത്തെ സ്വർഗ്ഗമാക്കൂ. മുഴുവൻ ആധാരവും യോഗത്തിലാണ്. ആരെങ്കിലും 7 ദിവസം യോഗത്തിൽ നന്നായിരിക്കുകയാണെങ്കിൽ അദ്ഭുതം സംഭവിക്കും. ഇങ്ങനെ യോഗത്തിലിരിക്കാൻ വിരളം പേർക്കേ സാധിക്കൂ. വീട് ഓർമ്മ വരും, മനസ്സ് ഓടിക്കൊണ്ടിരിക്കും. ഏഴ് ദിവസം പ്രസിദ്ധമാണ്. ഗീതാ, ഭാഗവത പാരായണവും 7 ദിവസമാണ് വെയ്ക്കുന്നത്. ഈ സമ്പ്രദായം സംഗമയുഗത്തിന്റേതാണ്. ഏഴ് ദിവസം ഭട്ഠിയിൽ ഇരിക്കേണ്ടതായുണ്ട്. ആരുടെയും ഓർമ്മ വരരുത്. ഒരു ബാബയോടൊപ്പം യോഗം ചേർന്നിരിക്കണം. ഏഴ് ദിവസം ഈ ഏകരസ അവസ്ഥയിൽ കഴിയുക - ഇത് വളരെ ശ്രമകരമാണ്. നിങ്ങൾ കുട്ടികളുടെ ഓർമ്മചിഹ്നവും ഇവിടെ തന്നെയുണ്ട്. നിങ്ങളിപ്പോൾ വൃക്ഷത്തിന്റെ ചുവട്ടിലിരുന്ന് രാജയോഗത്തിന്റെ തപസ്യയനുഷ്ഠിക്കുന്നു. ജഗദംബയും നിങ്ങൾ കുട്ടികളുമുണ്ട്. നിങ്ങൾ എല്ലാ മനുഷ്യരുടെയും മനോകാമനകളും സ്വർഗ്ഗത്തിൽ പൂർത്തീകരിക്കുന്നവരാണ് അഥവാ മനുഷ്യർക്ക് മുക്തി-

ജീവിതമുക്തിയുടെ ഫലം നൽകുന്നവരാണ്. നിങ്ങൾ വിദഗ്ദ്ധരാണ്. ലോകത്തിൽ ആർക്കും തന്നെ അറിയില്ല അതായത് മുക്തി- ജീവിതമുക്തി എന്ന് എന്തിനെയാണ് പറയുന്നത്? ആരാണ് നൽകുന്നത്? പതിത ലോകത്തിൽ പാവനമാക്കി മാറ്റാൻ ആർക്കാണ് സാധിക്കുന്നത്? ഇതാർക്കും തന്നെ അറിയില്ല. സന്യാസി ശാന്തിക്ക് വേണ്ടി വീടും-കുടുംബവും ഉപേക്ഷിക്കുന്നു. കാട്ടിലേക്ക് പോകുന്നു, എന്നാൽ ശാന്തി ലഭിക്കുകയില്ല. ശാന്തി ആത്മാവിന്റെ സ്വധർമ്മമാണ് എന്നാൽ മനുഷ്യർ പുറമെയാണ് അന്വേഷിക്കുന്നത്. ആത്മാവിന്റെ സ്വധർമ്മം ശാന്തിയാണെന്ന് ആർക്കും തന്നെ അറിയില്ല. (രാജ്ഞിയുടെ മാലയുടെ ഉദാഹരണം) ഇത് കർമ്മേന്ദ്രിയങ്ങളാണ്, ഇതിലൂടെ കർമ്മം ചെയ്യുകയോ ചെയ്യാതിരിക്കുയോ ആവാം. ഞാൻ ആത്മാവ് ഈ ശരീരത്തിൽ നിന്ന് വേറിടുകയാണ്. ഏതുപോലെയാണോ രാത്രിയിൽ ആത്മാവ് വേറിടാറില്ലേ, എല്ലാം മറക്കുന്നു. അതിനെ നിദ്രയെന്ന് പറയും. ഇവിടെ കേവലം നിങ്ങൾ ശാന്തിയിൽ ഇരിക്കുന്നു. ആത്മാവ് പറയുന്നു ഞാൻ കർമ്മേന്ദ്രിയങ്ങളിലൂടെ കർമ്മം ചെയ്ത് ക്ഷീണിച്ചിരിക്കുന്നു. ശരി, സ്വയത്തെ ശരീരത്തിൽ നിന്ന് വേർപെടുത്തൂ. ഈ അവയവങ്ങൾ കർമ്മം ചെയ്യുന്നതിന് വേണ്ടിയുള്ളതാണ്. ഈ ജ്ഞാനം ബാബ മാത്രമാണ് നൽകുന്നത്. വേറിട്ട് ഇരിക്കൂ, ഒന്നും സംസാരിക്കരുത്. എന്നാൽ ഇങ്ങനെ വേറിട്ട് എത്രത്തോളം ഇരിക്കും? ഇത് നിങ്ങൾക്കറിയാം കർമ്മം ചെയ്യാതെ ആർക്കും കഴിയാൻ സാധിക്കില്ല. വേറിട്ടാൽ അതിനോടൊപ്പം നേട്ടവുമുണ്ടായിരിക്കണം. കേവലം വേർപെട്ട് ഇരിക്കുന്നതിലൂടെ ഇത്രയും നേട്ടമുണ്ടാകില്ല. വേർപെട്ട് പിന്നീട് എന്നെ ഓർമ്മിക്കൂ എങ്കിൽ നിങ്ങൾക്ക് നേട്ടമുണ്ടാകും, ശക്തി ലഭിക്കും. ബാബ തന്റെ കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു- കുട്ടികളെ, ഇത് ജ്ഞാന-ഇന്ദ്ര സഭയാണ്. ഇവിടെ നിങ്ങൾ എല്ലാവരും രത്നങ്ങളാണ് ഇരിക്കുന്നത്. ഏതെങ്കിലും കല്ലുബുദ്ധി ഇരിക്കുകയാണെങ്കിൽ അന്തരീക്ഷത്തെ മോശമാക്കും എന്തുകൊണ്ടെന്നാൽ ബാബയുടെ ഓർമ്മയിൽ ഇരിക്കില്ല. അവർക്ക് തന്റെ മിത്ര സംബന്ധികളെ ഓർമ്മ വന്നുകൊണ്ടിരിക്കും. നിങ്ങൾക്ക് നിങ്ങളുടെ ബാബയെ നിരന്തരം ഓർമ്മിക്കണം. ഇത് ഒരു സാധാരണ സത്സംഗമല്ല. ഇത് വലിയ *യൂണിവേഴ്സിറ്റിയാണ്. മെഡിക്കൽ കോളേജിൽ* ഏതെങ്കിലും വിദ്യാഭ്യാസമില്ലാത്തവർ വന്നിരിക്കുകയാണെങ്കിൽ ഒന്നും മനസ്സിലാക്കാൻ സാധിക്കില്ല. ഇത് *യൂണിവേഴ്സിറ്റിയാണ്* - മ്ലേച്ഛനിൽ നിന്ന് സ്വച്ഛ ദേവതയാകുന്നതിന് വേണ്ടിയുള്ളതാണ്. ഇവിടെ അങ്ങനെയുള്ള ആരെയും അനുവദിക്കില്ല. ബാബയെ അറിയാൻ സാധിക്കില്ല. ബാബ ഗുപ്തമാണ്. നിങ്ങൾക്കറിയാം ബാബയിൽ നിന്ന് സദാ സുഖത്തിന്റെ സമ്പത്ത് നേടുന്നതിന് വേണ്ടി പരിധിയില്ലാത്ത ബാബയുടെ ശരണത്തിലേക്ക് വന്നിരിക്കുകയാണ്. ബാബ സ്വയം പറയുന്നു ഈ ബ്രഹ്മാവിന്റെ ശരീരം ഇത് വളരെ ജന്മങ്ങൾക്ക് ശേഷമുള്ള അന്തിമ വാനപ്രസ്ഥിയാണ്. ഇദ്ദേഹവും ധാരാളം ശാസ്ത്രങ്ങളെല്ലാം പഠിച്ചിട്ടുണ്ട്. ഇപ്പോൾ ഞാൻ എല്ലാ വേദ-ശാസ്ത്രങ്ങളുടെയും സാരം ഇദ്ദേഹത്തിലൂടെ കേൾപ്പിക്കുകയാണ്. ബ്രഹ്മാവിന്റെ കൈയ്യിൽ ശാസ്ത്രം കാണിക്കുന്നുണ്ട്. വിഷ്ണുവിന്റെ നാഭി-കമലത്തിൽ നിന്ന് ബ്രഹ്മാവ് വന്നു. മനസ്സിലാക്കി തന്നിട്ടുണ്ട് വിഷ്ണുവിന്റെ നാഭി-കമലത്തിൽ നിന്ന് ബ്രഹ്മാവും, ബ്രഹ്മാവിന്റെ നാഭി-കമലത്തിൽ നിന്ന് വിഷ്ണുവും വന്നു. എങ്ങനെയാണ് ബ്രഹ്മാവും-സരസ്വതിയും രണ്ട് പേരും ലക്ഷ്മിയും-നാരായണനുമാകുന്നത്. പിന്നീട് 84 ജന്മം പൂർത്തിയാക്കി അന്തിമത്തിൽ ബ്രഹ്മാവും സരസ്വതിയുമാകുന്നു. അവർ പിന്നീട് ഗാന്ധിയുടെ നാഭി കമലത്തിൽ നിന്ന് നെഹ്റുവിനെ കാണിച്ചിരിക്കുന്നു. ഇപ്പോൾ ഇവിടെ ക്ഷീര സാഗരമല്ല. ഇത് വിഷയ സാഗരമാണ്. ക്ഷീര സാഗരം സത്യയുഗത്തിലാണ് കാണിക്കുന്നത്.

നിങ്ങൾ കുട്ടികൾക്കറിയാം - അരകൽപം മായ ദുഃഖിയാക്കി. ഭാരതത്തോളം ദുഃഖിയായി മറ്റാരും തന്നെയില്ല. ഭാരതത്തോളം സുഖിയും മറ്റാർക്കുമാകാൻ സാധിക്കില്ല. ബാബ പറയുന്നു ദേവീ-ദേവതാ ധർമ്മം പ്രായഃ ലോപമാകുക തന്നെ വേണം. അപ്പോഴല്ലേ ഞാൻ വന്ന് വീണ്ടും പുതിയ ധർമ്മം സ്ഥാപിക്കുക. തീർത്തും ഇപ്പോൾ സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ്. നിങ്ങൾ കുട്ടികൾ വന്ന് സമ്പത്തെടുത്തു കൊണ്ടിരിക്കുകയാണ്. സ്വർഗ്ഗത്തിൽ ആരാണ് രാജ്യം ഭരിക്കുന്നതെന്ന് അറിയാം. ബാല്യത്തിൽ രാധയും-കൃഷ്ണനും അവർ തന്നെയാണ് പിന്നീട് ലക്ഷ്മിയും-നാരായണനുമാകുന്നത്. ഇപ്പോൾ ബാബ വന്നിരിക്കുന്നു. ഭിന്ന ഭിന്ന നാമ-രൂപത്തിൽ ലക്ഷ്മിയും നാരായണനും പഠിക്കുന്നു. ശ്രീകൃഷ്ണന്റെ കറുത്ത രൂപം ഇവിടെ ഇരിക്കുന്നുണ്ട്. അച്ഛൻ ഇദ്ദേഹത്തെ അക്കരയ്ക്ക് കൊണ്ട് പോകുന്നു. ശാസ്ത്രങ്ങളിൽ കൃഷ്ണനെ കൊട്ടയിൽ അക്കരയ്ക്ക് കൊണ്ട് പോയതായി കാണിക്കുന്നുണ്ട്. ഇപ്പോൾ ശിവബാബ വന്നിരിക്കുന്നു. നിങ്ങൾ കുട്ടികളെ കണ്ണുകളിലിരുത്തി സ്വർഗ്ഗത്തിന്റെ അധികാരിയാക്കുന്നു. മുഴുവൻ വംശാവലിയെയും പഠിപ്പിച്ച് ബാബ കംസപുരിയിൽ നിന്ന് കൃഷ്ണപുരിയിലേക്ക് കൊണ്ടുപോകുന്നു. ഒരാളുടെ കാര്യമല്ല. രാവണപുരിയിൽ നിന്ന് നിങ്ങൾ എല്ലാവരെയും മുക്തമാക്കി, കണ്ണുകളിലിരുത്തി സുഖധാമത്തിലേക്ക് കൊണ്ട് പോകുന്നു. ഞാൻ നിങ്ങൾ കുട്ടികളെ സ്വർഗ്ഗം വരെ എത്തിക്കാൻ വന്നിരിക്കുന്നു. പിന്നീട് ഈ പഴയ ലോകത്തിന്റെ വിനാശം സംഭവിക്കും. യുദ്ധത്തിന്റെ കാര്യവും ശാസ്ത്രങ്ങളിലുണ്ട്. എന്നാൽ ഒന്നും തന്നെ മനസ്സിലാക്കുന്നില്ല. ഈ ബ്രഹ്മാവും ധാരാളം ശാസ്ത്രങ്ങൾ

പഠിച്ചിട്ടുണ്ടായിരുന്നു. ഇപ്പോൾ ബാബ പറയുന്നു ഇതെല്ലാം ഉപേക്ഷിച്ച് എന്നെ മാത്രം ഓർമ്മിക്കൂ. ഞാൻ എല്ലാവരുടെയും സദ്ഗുരുവാണ്. കംസപുരിയെന്ന് കലിയുഗത്തെയും, കൃഷ്ണപുരിയെന്ന് സത്യയുഗത്തെയുമാണ് പറയുന്നത്. ഇപ്പോൾ നിങ്ങളെ രാവണപുരിയിൽ നിന്ന് രാമപുരി അല്ലെങ്കിൽ കൃഷ്ണപുരിയിലേക്ക് കൊണ്ടുപോകുന്നു. എന്താ സുഖധാമമായ കൃഷ്ണപുരിയിലേക്ക് പോകുകയല്ലേ? പാടാറില്ലേ- രാധാ-ഗോവിന്ദം ഭജിക്കൂ..... ഇത് ഭക്തിമാർഗ്ഗമാണ്. ഇപ്പോൾ നിങ്ങൾ രാധയും-ഗോവിന്ദനുമായി വീണ്ടും മാറിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ നിങ്ങൾക്ക് രണ്ട് കിരീടങ്ങളുമില്ല - പ്രകാശത്തിന്റേതുമില്ല, രാജ്യാധികാരത്തിന്റേതുമില്ല. പവിത്രമായവർക്കാണ് പ്രകാശ കിരീടം നൽകുന്നത്. ലക്ഷ്മീ-നാരായണൻ സദാ തന്നെ പവിത്രമാണ്. അവർക്ക് ഒരിക്കലും സന്യാസം ചെയ്യേണ്ട ആവശ്യമില്ല. സന്യാസി ജന്മമെടുത്തതിന് ശേഷം പിന്നീട് പവിത്രമാകുന്നതിനായി വീടും-കുടുംബവും ഉപേക്ഷിക്കുന്നു. നിങ്ങളുടെ 21 ജന്മത്തേക്ക് വേണ്ടി ഈ ഒരു ജന്മത്തെ സന്യാസമാണുള്ളത്. അവരാരും 21 ജന്മം പവിത്രമാകില്ല. അവർ ആദ്യം വികാരികളുടെ അടുത്ത് ജന്മമെടുത്ത് പതിതമായി മാറുന്നു പിന്നീട് പവിത്രമാകുന്നതിന് വേണ്ടി വീടും-കുടുംബവും ഉപേക്ഷിക്കുന്നു. അത് രജോഗുണീ സന്യാസമാണ്. ബാബ പറയുന്നു ഞാൻ *നോളജ്ഫുളാണ്.* ജ്ഞാന സാഗരൻ, ദയാസാഗരൻ..... എന്നിൽ മാത്രമാണ് മുഴുവൻ ജ്ഞാനവുമുള്ളത്. സൂക്ഷ്മവതനം, മൂലവതനം, സ്ഥൂലവതനം സൃഷ്ടിയുടെ ആദി-മദ്ധ്യ-അന്ത്യത്തിന്റെ മുഴുവൻ ജ്ഞാനം നിങ്ങൾ കുട്ടികൾക്ക് നൽകുന്നു, അതിലൂടെ നിങ്ങൾ പൂർണ്ണരാകുന്നു. ദേവീ-ദേവതകൾ പൂർണ്ണരാണ്. നിങ്ങൾ കുട്ടികൾ ബാബയുടെ മടിത്തട്ടിലേക്ക് വന്നിരിക്കുന്നു. നമ്മൾ ശ്രീമതത്തിലൂടെ നടന്ന് വീണ്ടും രാജ്യഭാഗ്യം നേടിക്കൊണ്ടിരിക്കുകയാണെന്ന് അറിയാം. ഇത് ജയ-പരാജയത്തിന്റെ കളിയാണ്. മായയോട് പൂർണ്ണ പരാജയം, അതേ മായയോട് സമ്പൂർണ്ണ വിജയം. നിങ്ങൾ സർവ്വശക്തിവാനായ ബാബയോട് യോഗം വെച്ച്, ശക്തിയെടുത്ത് മായയോട് വിജയിക്കുന്നു. നമ്മുടെ 84 ജന്മങ്ങളുടെ നാടകം ഇപ്പോൾ പൂർത്തിയാകുകയാണെന്ന് അറിയാം. നമ്മൾ വീണ്ടും രാജ്യ-ഭാഗ്യം നേടുകയാണ്. ലക്ഷ്മീ-നാരായണനെ ക്ഷീരസാഗരത്തിൽ കാണിക്കാറുണ്ട്. ഇതാണ് വിഷയ സാഗരം. രാധയും-കൃഷ്ണനും ചെറിയ കുട്ടികളായിരുന്നു. കൃഷ്ണനെ വളരെ സ്നേഹത്തോടെ ഊഞ്ഞാലിലാട്ടുന്നു. മനസ്സിലാക്കുന്നു- കൃഷ്ണൻ സ്വർഗ്ഗത്തിലെ രാജകുമാരനാണ്. കൃഷ്ണന് 16 കലയെന്ന് പറയുന്നു, രാമന് 14 കല. അതേ കൃഷ്ണനാണ് 16 കലയിൽ നിന്ന് പിന്നീട് 14 കലയായി മാറുന്നത്. പുനർജന്മം എടുക്കേണ്ടതായില്ലേ. ബാബ മനസ്സിലാക്കി തന്നിട്ടുണ്ട്- പൂർണ്ണമായും 84 ജന്മം എല്ലാവരും എടുക്കില്ല. മറ്റ് ധർമ്മത്തിലുള്ളവർ 84 ജന്മങ്ങൾ എടുക്കില്ല. മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. അച്ഛനിൽ നിന്ന് തീർച്ചയായും സമ്പത്ത് ലഭിക്കണം. ബാബയാണ് സ്വർഗ്ഗത്തിന്റെ രചയിതാവ്. എങ്കിൽ തീർച്ചയായും സ്വർഗ്ഗത്തിന്റെ തന്നെ അധികാരിയാക്കിയാണ് മാറ്റുക. ആ ബാബ പരംധാമത്തിലാണ് വസിക്കുന്നത്. നമ്മളും അവിടെ നിന്നാണ് വരുന്നത്. ബാബയെ നല്ല രീതിയിൽ ഓർമ്മിക്കണം. ഓർമ്മയിലൂടെ ശാന്തി ലഭിക്കും. മനുഷ്യർ പറയുന്നു - പരമാത്മാവിനോട് എങ്ങനെ യോഗം വെയ്ക്കും? ആശയക്കുഴപ്പത്തിലായിരിക്കുന്നു. നിങ്ങൾക്ക് എല്ലാ അറിവും ലഭിച്ചിരിക്കുന്നു.

ബാബ വരുന്നത് തന്നെ ദുഃഖധാമത്തിന്റെയും സുഖധാമത്തിന്റെയും സംഗമത്തിലാണ്. കലിയുഗ അവസാനമാണ് ദുഃഖധാമം, സത്യയുഗ ആദിയാണ് സുഖധാമം. ദുഃഖധാമത്തെ മാറ്റി സുഖധാമത്തിലിരുത്തുന്നത് ബാബ തന്നെയാണ്. ഇത്രയും തന്നെ വിവേകത്തിന്റെ കാര്യമാണ്. ഈ പഠിത്തം പവിത്രത കൂടാതെ ആർക്കും പഠിക്കാൻ സാധിക്കില്ല അതുകൊണ്ട് ഇവിടെ പതിതരെ ഇരുത്താറില്ല. മനസ്സിലാക്കി കൊടുക്കണം നിങ്ങൾ അരകൽപത്തെ മഹാരോഗിയാണ്. മായ മഹാരോഗി യാക്കിയിരിക്കുന്നു അതുകൊണ്ട് ആദ്യം ഭട്ഠിയിൽ ഇരുത്തുന്നു. നിങ്ങൾ കുട്ടികൾ ഓരോരുത്തരുടെയും കർത്തവ്യത്തെ അറിഞ്ഞിരിക്കുന്നു. ശിവ ക്ഷേത്രത്തിൽ പോകുകയാണെങ്കിൽ മനസ്സിലാക്കും- ഇത് ഗതി-സദ്ഗതി ദാതാവായ ബാബയാണ്. ഏറ്റവും വലിയ തീർത്ഥസ്ഥാനവും ഭാരതമാണ്. എന്നാൽ ഗീതയിൽ കൃഷ്ണന്റെ പേര് വെച്ചിരിക്കുന്നു. ശിവബാബയുടെ പേര് അപ്രത്യക്ഷമാക്കിയിരിക്കുന്നു. ശിവബാബ തന്നെയാണ് വന്ന് എല്ലാവരെയും ദുഃഖത്തിൽ നിന്ന് മോചിപ്പിക്കുന്നത്. അല്ലാതെ ജലത്തിന്റെ ഗംഗ പതിത-പാവനിയല്ല. അത് പർവ്വതത്തിൽ നിന്നാണ് ഉദ്ഭവിക്കുന്നത്. അതിനെ എങ്ങനെ പതിത പാവനിയെന്ന് പറയും. ഇതിനെ അന്ധവിശ്വാസമെന്ന് പറയുന്നു. മനുഷ്യർ എന്തെന്തെല്ലാമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. പാടുന്നുണ്ട് - മനുഷ്യ ജന്മം പോലെ ദുർലഭ ജന്മമില്ല. ആ ദുർലഭ ജന്മം ബാബ വന്നിരിക്കുന്ന ഈ സമയത്തെ നിങ്ങളുടെ ജന്മമാണ്. ഇത് നിങ്ങളുടെ അമൂല്യ ജന്മമാണ്. നിങ്ങൾ പവിത്രമായി ഭാരതത്തെ സ്വർഗ്ഗമാക്കുന്നു അതുകൊണ്ടാണ് ശിവശക്തി ഭാരതമാതാക്കളെ വാഴ്ത്തിയിട്ടുള്ളത്. നിങ്ങൾക്കറിയാം- ബാബ പവിത്രതയുടെ സഹായത്തിലൂടെ ഭാരതത്തെ മാത്രമല്ല, മുഴുവൻ ലോകത്തെയും പവിത്രമാക്കുന്നു. ആരാരെല്ലാമാണോ പവിത്രതയുടെ ചെറുവിരൽ നൽകുന്നത്, മൻമനാഭവയായി കഴിയുന്നത്, അവരാണ് സഹായികൾ. ഇതിന്റെ അർത്ഥവും നിങ്ങൾ മനസ്സിലാക്കുന്നുണ്ട്. ഈ ബ്രഹ്മാവിനും അറിയില്ലായിരുന്നു.

ഇദ്ദേഹം ധാരാളം ഗുരുക്കൻമാരെ സ്വീകരിച്ചിട്ടുണ്ട്. ശാസ്ത്രങ്ങൾ പഠിച്ചിട്ടുണ്ട്. അപ്പോഴാണ് ബാബ പറയുന്നത് എന്നെ മാത്രം ഓർമ്മിക്കൂ. നിങ്ങളുടെ എല്ലാം ഞാൻ തന്നെയാണ്. ഗതി-സദ്ഗതി ദാതാവാണ്. മനുഷ്യരാണെങ്കിൽ പതിതരാണ്. ഇപ്പോൾ നിങ്ങൾ ശിവബാബയുടെ അടുത്ത് വന്നിരിക്കുന്നു, ബ്രഹ്മാവിലൂടെ സമ്പത്തെടുക്കുന്നതിന്. ഈ നിശ്ചയമില്ലാതെ ആർക്കും വരാൻ സാധിക്കില്ല. വരികയാണെങ്കിൽ കൂടുതൽ അശാന്തി പരത്തും. നിങ്ങൾ ഭാരതത്തെ പരമമായ ശാന്തിയിലേക്ക് കൊണ്ടുപോകുന്നു. ഇതാണ് സ്ഥാപനയുടെ കാര്യം, ഇത് മനുഷ്യർക്ക് ചെയ്യാൻ സാധിക്കില്ല. നിങ്ങളും ശിവബാബയുടെ സഹായത്തോടെയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. നിങ്ങൾക്ക് എന്ത് സമ്മാനമാണ് ലഭിക്കുന്നത്? സ്വർഗ്ഗത്തിന്റെ അധികാരിയാകുന്നു. ഇങ്ങനെയുള്ള ബാബയുടേതായിട്ടും നിശ്ചയ-ബുദ്ധിയല്ലെങ്കിൽ മായ ഒറ്റയടിക്ക് വിഴുങ്ങുന്നു. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യമായ സാരം -

1) ഈ ഒരു ജന്മത്തിൽ പഴയ ലോകത്തിൽ നിന്ന് സന്യാസം ചെയ്ത് ബാബയുടെ സഹായിയാകണം. പവിത്രതയുടെ ചെറുവിരൽ നൽകണം മൻമനാഭവയായി കഴിയണം.

2) ഭാരതത്തെ പരമമായ ശാന്തിയിലേക്ക് കൊണ്ടുപോകുന്നതിനുള്ള സേവനം ചെയ്യണം. ഈ ശരീരത്തിൽ നിന്ന് വേറിട്ട് ബാബയുടെ ഓർമ്മയിലിരുന്ന് ശക്തിയെടുക്കണം. ശാന്തിയുടെ ദാനം നൽകണം.

### വരദാനം- മൂന്നു കാലങ്ങളുടെയും മൂന്നു ലോകങ്ങളുടെയും ജ്ഞാനത്തെ ധാരണ ചെയ്ത് ബുദ്ധിവാനാകുന്ന വിഘ്നവിനാശകരായി ഭവിക്കട്ടെ.

ആരാണോ മൂന്നു കാലങ്ങളുടെയും മൂന്നു ലോകങ്ങളുടെയും നോളജ്ഫുൾ അവരെത്തന്നെയാണ് ബുദ്ധി വാൻ അതായത് ഗണേശൻ എന്നു പറയുന്നത്. ഗണേശൻ എന്നാൽ വിഘ്നവിനാശകൻ. അവർ ഒരു സാഹചര്യത്തിലും വിഘ്നരൂപരാകുകയില്ല. ആരെങ്കിലും വിഘ്നരൂപരായാൽ തന്നെ താങ്കൾ വിഘ്നവി നാശകരാകൂ. ഇതിലൂടെ വിഘ്നം അവസാനിക്കും. വിഘ്നവിനാശക ആത്മാക്കൾ അന്തരീക്ഷം, വായു മണ്ഡലത്തെയും പരിവർത്തനപ്പെടുത്തുന്നു, അതിനെ വർണിക്കുകയില്ല.

### സ്ലോഗൻ- സ്വന്തം പെരുമാറ്റത്തിലൂടെയും മുഖത്തിലൂടെയും സത്യതയുടെ സഭ്യതയെ അനുഭവം ചെയ്യിക്കുക തന്നെയാണ് ശ്രേഷ്ഠത